കേരള സംഗീത നാടക
അക്കാദമി

2025
ജനുവരി
04
ശനി
വൈകുന്നേരം
5 മണി



കേരള സംഗീത നാടക അക്കാദമി

# സംഗീതോത്സവം

## MUSIC FESTIVAL

ജവഹർ ബാലഭവൻ, കോട്ടയം

സഹകരണം: നാദോപാസന കോട്ടയം

കേരള സംഗീത നാടക അക്കാദമി

# സംഗീതോത്സവം

## MUSIC FESTIVAL

സുഹൃത്തേ,

സ്വന്തം ശബ്ദം മാത്രമല്ല അപരന്റെ ശബ്ദംകൂടി സംഗീതമാണ്. നാദത്തിന്റെ സ്രോതസ്സ് തന്നെ ശബ്ദമാണ്. സംഗീതം എല്ലാ കലകളുടെയും അന്തർധാരയാണ്. കരിമ്പാറക്കെട്ടുകളും മലങ്കാടുകളും സൂക്ഷ്മ-സ്ഥൂലജീവജാലങ്ങളും തന്നെയാണ് സംഗീതത്തിന്റെ ആദിമസ്വരൂപങ്ങൾ. പ്രകൃതിജീവിതം എന്ന മഹാസംഗീതത്തിൽനിന്നാണ് എല്ലാ സംഗീതധാരകളും ഉരുവം കൊണ്ടത്. മതാധിഷ്ഠിതമായ അനുഷ്ഠാനങ്ങളല്ല വിയർപ്പ് പൊട്ടിയ മനുഷ്യജീവിതം തന്നെയാണ് സംഗീതത്തിന്റെ പ്രഭവകേന്ദ്രങ്ങളെന്ന ബോദ്ധ്യം അക്കാദമിക്ക് ഉണ്ട്. ഈ കഠിനകാലത്തും സംഗീതം ഒരു മഹാഔഷധിയാണെന്ന തിരിച്ചറിവിൽ കേരള സംഗീത നാടക അക്കാദമി തിരഞ്ഞെടുത്ത ആറു കേന്ദ്രങ്ങളിൽ കർണ്ണാടകസംഗീതോത്സവം സംഘടിപ്പിക്കുന്നു. തിരുവനന്തപുരം, കൊല്ലം, കോട്ടയം, തൃശൂർ, കോഴിക്കോട്, പാലക്കാട് എന്നീ ജില്ലകളിലാണ് സംഗീതോത്സവം സംഘടിപ്പിക്കുന്നത്. സംസ്ഥാനതലത്തിൽ അക്കാദമി സംഘടിപ്പിക്കുന്ന കർണ്ണാടകസംഗീതോത്സവത്തിന്റെ കോട്ടയം ജില്ലയിലെ **ഉദ്ഘാടനം 2025 ജനുവരി നാലിന് വൈകുന്നേരം അഞ്ച് മണിക്ക്** കോട്ടയം ജവഹർ ബാലഭവനിൽ വെച്ച് **കേരള ഗവൺമെന്റ് ചീഫ് വിപ്പ് ഡോ. എൻ. ജയരാജ്** നിർവ്വഹിക്കും. **കോട്ടയം നാദോപാസനയുമായി** സഹകരിച്ചാണ് ഏകദിന സംഗീതോത്സവം അക്കാദമി സംഘടിപ്പിക്കുന്നത്. വായ്പാട്ടും പക്കമേളവും സമന്വയിക്കുന്ന ശാസ്ത്രീയസംഗീതത്തിന്റെ ഹൃദ്യമായ അനുഭൂതികളിലേക്ക് ഏവരെയും സ്നേഹത്തോടെ സ്വാഗതം ചെയ്യുന്നു.



മട്ടന്നൂർ ശങ്കരൻകുട്ടി
ചെയർമാൻ

കരിവെള്ളൂർ മുരളി
സെക്രട്ടറി

**കേരള സംഗീത നാടക അക്കാദമി**





## ജവഹർ ബാലഭവൻ, കോട്ടയം

**2025**
**ജനുവരി**
**04**
ശനി
വൈകുന്നേരം
5 മണി

| | | |
|---|---|---|
| സ്വാഗതം | : | **ആനയടി പ്രസാദ്**<br>മെമ്പർ, കേരള സംഗീത നാടക അക്കാദമി |
| അദ്ധ്യക്ഷൻ | : | **ഇ.എൻ. മുരളീധരൻ നായർ**<br>പ്രസിഡണ്ട്, കോട്ടയം ജില്ല കേന്ദ്ര കലാസമിതി |
| ഉദ്ഘാടനം | : | **ഡോ. എൻ. ജയരാജ്**<br>ബഹു. കേരള ഗവൺമെന്റ് ചീഫ് വിപ്പ് |
| മുഖ്യപ്രഭാഷണം | : | **കരിവെള്ളൂർ മുരളി**<br>സെക്രട്ടറി, കേരള സംഗീത നാടക അക്കാദമി |
| വിശിഷ്ടാതിഥി | : | **തിരുവിഴ ജയശങ്കർ**<br>പ്രമുഖ സംഗീതജ്ഞൻ |
| ആശംസ | : | **കോട്ടയം ഉണ്ണികൃഷ്ണൻ**<br>സെക്രട്ടറി, നാദോപാസന കോട്ടയം |
| നന്ദി | : | **ബേബി ജോൺ**<br>സെക്രട്ടറി, കോട്ടയം ജില്ല കേന്ദ്ര കലാസമിതി |



2025
ജനുവരി
04
ശനി
വൈകുന്നേരം
6 മണി

# കർണ്ണാടകസംഗീതം



എച്ച്. രത്ന പ്രഭ
വായ്പാട്ട്



പാലക്കാട് ആർ. സ്വാമിനാഥൻ
വയലിൻ



മുളങ്കാടകം ആർ.ബി. രാംജയ്
മൃദംഗം



കടനാട് ജി. അനന്തകൃഷ്ണൻ
ഗഞ്ചിറ


**കേരള സംഗീത നാടക അക്കാദമി**

തൃശൂർ - 680 020

ഫോൺ: 0487 2332134, 2332548, 2327427 മൊബൈൽ നമ്പർ: 7736922245, 9447092134 (വാട്സ്ആപ്പ്)

e-mail: ksnakademi@gmail.com | www.keralasangeethanatakaakademi.in